# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2119 07.07.2015 - മറുപടിയ്ക്ക്

## അന്യസംസ്ഥാന ലോട്ടറികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. ടി.എൻ.പ്രതാപൻ | | ശ്രീ.കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| എ) | കേരളത്തിൽ സിക്കിം ലോട്ടറി ഉൾപ്പെടെയുള്ള അന്യസംസ്ഥാന ലോട്ടറികൾ അനിയന്ത്രിതമായി പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകാമോ; | എ) & ബി) | കേരളത്തിൽ ഇപ്പോൾ അന്യസംസ്ഥാന ലോട്ടറികൾ പ്രവർത്തിക്കുന്നില്ല. |
| ബി) | പ്രസ്തുത ലോട്ടറികൾ തട്ടിപ്പ് നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | | |
| സി) | പ്രസ്തുത തട്ടിപ്പുകൾ നിയന്ത്രിക്കുവാൻ നിലവിലുള്ള നിയമങ്ങൾ പര്യാപ്തമാണോ; വിശദീകരിക്കുമോ? | സി) | ഭാഗ്യക്കുറി മോണിറ്ററിംഗ് സമിതി പുന:സംഘടിപ്പിക്കണമെന്ന ഭാഗ്യക്കുറി ഡയറക്ടറുടെ അഭ്യർത്ഥന പരിഗണിച്ച് 07-01-2012-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 26/12/റ്റി.ഡി. ഉത്തരവ് പ്രകാരം നിലവിലുണ്ടായിരുന്ന സംസ്ഥാനതല മോണിറ്ററിംഗ് സമിതി പുന:സംഘടിപ്പിച്ചുകൊണ്ടും ജില്ലാ തലത്തിൽ പുതിയ മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചു-കൊണ്ടും ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാനതലത്തിൽ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് അദ്ധ്യക്ഷനായും, പോലീസ് റേഞ്ച് ഐ.ജി.-മാർ, ഭാഗ്യക്കുറി ഡയറക്ടർ, വാണിജ്യ നികുതി ജോയിന്റ് കമ്മീഷണർ, ഭാഗ്യക്കുറി ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ അംഗങ്ങളായുമാണ് സംസ്ഥാനതല മോണിറ്ററിംഗ് സമിതികൾ പുന:സംഘടിപ്പിക്കപ്പെട്ടിട്ടുള്ളത്. ഇത് കൂടാതെ ജില്ലാതലത്തിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ ഇന്റലിജൻസ് വിഭാഗം എസ്.പി., ഭാഗ്യക്കുറി ജോയിന്റ് ഡയറക്ടർ, വാണിജ്യ നികുതി ഡെപ്യൂട്ടി കമ്മീഷണർ എന്നിവർ അംഗങ്ങളായി |

| | | | |
|---|---|---|---|
| | | | ജില്ലാ തല മോണിറ്ററിംഗ് സമിതികളും നിലവിൽ വന്നു. അന്യസംസ്ഥാന അനധികൃത ഭാഗ്യക്കുറി വിൽപനയെ സംബന്ധിച്ച പരാതികളോ, പത്രവാർത്തയോ ലഭിച്ചാൽ ഉടൻ തന്നെ ആയതിന്മേൽ സംസ്ഥാനതല മോണിറ്ററിംഗ് സെൽ നടപടിയെടുത്തു വരുന്നുണ്ട്. 1998-ലെ കേന്ദ്ര ലോട്ടറി (നിയന്ത്രണ) നിയമം സെക്ഷൻ II സബ്സെക്ഷൻ (1)ന് അനുബന്ധമായി 2010 ഏപ്രിൽ മാസത്തിൽ കേന്ദ്ര സർക്കാർ നടത്തിയ ചട്ട നിർമ്മാണം ഫലത്തിൽ പേപ്പർ/ഓൺലൈൻ ലോട്ടറി വിഭജനം വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ